**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

08.03.2017 -ൽ ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി മറുപടി പറയേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2373 - അന്തിമ മറുപടി**

**പെൻഷൻ വിതരണം സംബന്ധിച്ച്**

| | **ചോദ്യം** | **മറുപടി** |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ. പി അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര | | **ഡോ. തോമസ് ഐസക്**<br>ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ) | തൊഴിലുറപ്പിൽ പണിയെടുക്കുന്ന അറുപത് കഴിഞ്ഞ എല്ലാ തൊഴിലാളികൾക്കും പെൻഷൻ നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്നും, അതിനായി എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ; | 2012-13 സാമ്പത്തിക വർഷം മുതൽ നാളിതുവരെ മഹാത്മാഗാന്ധി ദേശീയ പദ്ധതിയിൻ കീഴിൽ ഓരോ സാമ്പത്തികവർഷം 10 ദിവസം എങ്കിലും ജോലി ചെയ്ത/ചെയ്യുന്ന അറുപത് വയസ്സ് കഴിഞ്ഞ അവിദഗ്ധ കായിക തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് തെരഞ്ഞെടുക്കുന്നതിനായി സർവ്വേ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | അഞ്ചുവർഷത്തിലേറെയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട എത്രപേർക്കാണ് ഈ സർക്കാർ പെൻഷൻ അനുവദിച്ചത്; വിശദമാക്കാമോ. | വിധവാ പെൻഷന്റെ ആനുകൂല്യം 5 കൊല്ലത്തിലേറെയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർക്ക് കൂടി നൽകുന്നതാണെന്നും ഇവരുടെ കുട്ടികളെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്നും 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2017-18 -ലെ ബജറ്റിൽ മേൽ വിഭാഗത്തിൽപ്പെടുന്നവർക്ക് പെൻഷൻ നൽകുന്നതിന് 2235-60-102-93 ( Appendix IV Head of Account) എന്ന കണക്ക് ശീർഷകം തുറന്നിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്ന നടപടി ആരംഭിച്ചിട്ടില്ല എന്നതിനാൽ എത്രപേർക്ക് പെൻഷൻ അനുവദിച്ചു എന്ന വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ